**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2904** **25-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വനം ഡിവിഷന് കീഴിൽ കാസർഗോഡ് റെയിഞ്ചിൽ ഏകവിള തോട്ടങ്ങളുടെ പരിസ്ഥിതി പുന:സ്ഥാപന പ്രവൃത്തികളും പാണ്ടിയിൽ സംരക്ഷണ വിഭാഗം ജീവനക്കാർക്കുള്ള ബാരക്ക് നിർമ്മാണവും പള്ളം കണ്ടൽ പ്രദേശത്ത് നഗരവനം പദ്ധതിയും കാഞ്ഞങ്ങാട് റെയിഞ്ചിൽ വെള്ളരിക്കുണ്ടിൽ ജീവനക്കാർക്കുള്ള ബാരക്ക് നിർമ്മാണവും പുരോഗമിച്ചുവരുന്നു. കാഞ്ഞങ്ങാട് റെയിഞ്ചിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് 32.5 km ദൂരത്തിൽ സൗരോർജ്ജതൂക്കുവേലി നിർമ്മിക്കുന്നതിന് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണ ഡിവിഷന് കീഴിൽ കുട്ടിവനം, വിദ്യാവനം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ക്രമ. നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (ലക്ഷം) | റിമാർക്സ് |
|---|---|---|---|
| 1 | ഇക്കോറിസ്റ്റോറേഷൻ കാസർഗോഡ് റെയിഞ്ച് (NABARD - RIDF പദ്ധതി) | 587.20 | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു ഇതുവരെ 51.97 ലക്ഷം രൂപ ചെലവഴിച്ചു |
| 2 | കാസർഗോഡ്, കാഞ്ഞങ്ങാട് റെയിഞ്ചുകളിലെ ബാരക്ക് നിർമ്മാണം (NABARD-RIDF പദ്ധതി) | 241.81 | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു ഇതുവരെ 22.49 ലക്ഷം രൂപ ചെലവഴിച്ചു |
| 3 | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സോളാർ തൂക്കുവേലി നിർമ്മാണം കാഞ്ഞങ്ങാട് റെയിഞ്ച് 32.5 കി.മീ (NABARD - RIDF പദ്ധതി) | 279.69 | ടെണ്ടർ നടപടികൾ ആരംഭിച്ചു |
| 4 | നഗരവനം പദ്ധതി, പള്ളം കണ്ടൽ ഏരിയ, കാസർഗോഡ് റെയിഞ്ച് | 84.00 | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു ഇതുവരെ 39.31 ലക്ഷം രൂപ ചെലവഴിച്ചു |
| 5 | ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം, കാസർഗോഡ് റെയിഞ്ച് (NABARD - RIDF പദ്ധതി) | 125.33 | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു ഇതുവരെ 52.96 ലക്ഷം രൂപ ചെലവഴിച്ചു |
| 6 | വിദ്യാവനം<br>1. GHSS, ചെമ്മനാട്<br>2. സെൻട്രൽ യൂണിവേഴ്സിറ്റി<br>3. GW UPS, ഷിരിബാഗിലു, ഉളിയത്തടുക്ക | 0.60 | പദ്ധതി പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തി ലാണ് |
| 7 | കുട്ടിവനം<br>1. GLPS ചെമ്മനാട്<br>2. ഇ.കെ നായനാർ മെമ്മോറിയൽ ഗവ പോളിടെക്നിക് കോളേജ് തൃക്കരിപ്പൂ ർ<br>3. GHS, കാലിച്ചനടുക്കം<br>4. GUPS പടന്നക്കാട്<br>5. GUPS പാലങ്കല്ല് | 0.25 | പദ്ധതി പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തി ലാണ് |